©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2014 ഫെബ്രുവരി 13<br>13th February 2014<br>1189 കുംഭം 1<br>1st Kumbham 1189<br>1935 മാഘം 24<br>24th Magha 1935 | നമ്പർ<br>No. 495 |

### കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 25698/ലെഗ്. ബി1/2012/നിയമം. *തിരുവനന്തപുരം, 2014 ഫെബ്രുവരി 13. 1189 കുംഭം 1/1935 മാഘം 24.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2014 ഫെബ്രുവരി 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. രമണി,

*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

33/788/2014/DTP.

2014-ലെ 5-ാം ആക്റ്റ്

# 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്

## ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസപുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, 2013 മേയ് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ന്യൂനപക്ഷം" എന്നാൽ കേന്ദ്രസർക്കാരിനാൽ 1992-ലെ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റിൻ (1992-ലെ 19-ാം കേന്ദ്ര ആക്റ്റ്) കീഴിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന സമുദായം എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

3. <u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ രൂപീകരണം.</u>—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിക്കുശേഷം കഴിയുന്നത്ര വേഗം, ഗസറ്റ് വിജ്ഞാപനംവഴി, "കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ" എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി, രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ഒരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമ പരിജ്ഞാനമുള്ളതുമായ ഒരു ചെയർപേഴ്സൺ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ മറ്റൊരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതുമായ ഒരു അംഗം;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷ സമുദായവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുള്ളതുമായ ഒരു വനിത;

(3) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കേണ്ടതും, കമ്മീഷൻ അതിന്റെ ഉത്തരവുമുഖേന അധികാരപ്പെടുത്തിയേക്കാവുന്ന വിധത്തിലുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ഓരോ അംഗത്തിനും, അദ്ദേഹം ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സണോ, അംഗത്തിനോ, ഏതുസമയത്തും, സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) സർക്കാർ, ചെയർപേഴ്സന്റെയോ, അംഗത്തിന്റെയോ ഔദ്യോഗിക സ്ഥാനത്തുനിന്നും ഒരാളെ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായി തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ ജോലി ചെയ്യാൻ കഴിവില്ലാതായി തീരുകയോ; അല്ലെങ്കിൽ

(ഇ) കമ്മീഷനിൽനിന്നും മുൻകൂർ അനുമതി നേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ; അല്ലെങ്കിൽ

(എഫ്) സർക്കാരിന്റെ അഭിപ്രായത്തിൽ, അയാൾ ആ സ്ഥാനത്ത് തുടരുന്നത് ന്യൂനപക്ഷങ്ങളുടെ താല്പര്യത്തിനോ പൊതു താല്പര്യത്തിനോ ഹാനികരമായി തീരത്തക്കവിധം, ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയോ;

ചെയ്താൽ നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ഏതൊരാളെയും ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യാവുന്നതല്ല.

(4) (2)-ാം ഉപവകുപ്പിൻകീഴിലോ മറ്റുവിധത്തിലോ ഉണ്ടായ ഒഴിവുകൾ പുതിയ നാമനിർദ്ദേശം വഴി, നികത്തേണ്ടതും ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(5) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.—(1) കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും സർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവന വ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

6. ശമ്പളവും ബത്തകളും ഭരണപരമായ ചെലവുകളും ഗ്രാന്റിൽ നിന്ന് നൽകണമെന്ന്.—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും, 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽനിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ രൂപീകരണത്തിലുള്ള ന്യൂനതയാലോ, ഏതെങ്കിലും തരത്തിൽ കമ്മീഷനിൽ നിലനിൽക്കുന്ന ഒഴിവിനാലോ കമ്മീഷന്റെ ഏതെങ്കിലും പ്രവൃത്തിയോ നടപടിക്രമമോ അസാധുവാകുന്നതല്ല.

8. നടപടിക്രമം കമ്മീഷൻ ക്രമപ്പെടുത്തേണ്ടതാണെന്ന്.—(1) ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന, അങ്ങനെയുള്ള സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം, കമ്മീഷൻ യോഗം ചേരേണ്ടതാണ്:

എന്നാൽ, ചുരുങ്ങിയത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്.

(2) കമ്മീഷന് അതിന്റെ സ്വന്തം നടപടിക്രമങ്ങളെ ക്രമീകരിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ-സെക്രട്ടറി പ്രമാണീകരിക്കേണ്ടതാണ്.

(4) കമ്മീഷന്റെ യോഗത്തിനുള്ള ക്വാറം രണ്ട് ആയിരിക്കുന്നതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും

9. കമ്മീഷന്റെ ചുമതലകൾ.—കമ്മീഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക;

(ബി) കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി, ഭാരതത്തിന്റെ ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻ കീഴിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തന രീതി അന്വേഷിക്കുകയും നിരീക്ഷണ വിധേയമാക്കുകയും ചെയ്യുക;

(സി) ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക;

(ഡി) ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ പരിപാടികളിൽ പങ്കെടുക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(ഇ) ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിനും വാർഷികമായോ, കമ്മീഷന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മറ്റ് സമയങ്ങളിലോ സർക്കാരിന് റിപ്പോർട്ട് നൽകുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുക;

(എഫ്) ന്യൂനപക്ഷങ്ങളോടുള്ള വിവേചനങ്ങളിൽനിന്ന് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ജി) ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ സിമ്പോസിയം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുയും ചെയ്യുക;

(എച്ച്) ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക;

(ഐ) ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് അവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്, സർക്കാരിന് കാലാകാലങ്ങളിലോ പ്രത്യേകമായോ റിപ്പോർട്ട് സമർപ്പിക്കുക ;

(ജെ) ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക ;

(കെ) വിവിധതൊഴിൽദാന പദ്ധതികളിലും സാമൂഹ്യവികസനപദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക;

(എൽ) സാമുദായികസംഘർഷസാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ക്രമസമാധാനപാലന സംവിധാനം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക ;

(എം) ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക.

10. ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിലുള്ള മേൽനോട്ടം.—സംസ്ഥാനത്ത് താമസിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപെടുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന രീതിയിലും മാതൃകയിലും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ വൈഷമ്യം നേരിടുന്നതായുള്ള ഏതെങ്കിലും സംഗതി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് കമ്മീഷന് സർക്കാരിന് റിപ്പോർട്ട് ചെയ്യാവുന്നതും പരിഹാരം നിർദ്ദേശിക്കാവുന്നതുമാണ്.

11. റിപ്പോർട്ട് വയ്ക്കൽ.—സംസ്ഥാന സർക്കാർ, 9-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ, അതിന്മേലെടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതും വിശദമാക്കിക്കൊണ്ട്, നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

12. കമ്മീഷന്റെ അധികാരങ്ങൾ.—(1) കമ്മീഷൻ, 9-ാം വകുപ്പുപ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽകോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച്, ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചുവരുത്തുകയും ഹാജരാകുന്നത് ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ മറ്റു സ്ഥാപനത്തിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക ;

(ഇ) സാക്ഷികളെ വിസ്തരിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്യുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികൾ.

(2) നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ തനിക്ക് വിശേഷാധികാരമുണ്ടെന്ന് ഒരു വ്യക്തി ഉന്നയിച്ചേക്കാവുന്ന അവകാശവാദത്തിന് വിധേയമായി, കമ്മീഷന്റെ അഭിപ്രായത്തിൽ, അന്വേഷണത്തിന്റെ വിഷയത്തിന് ആസ്പദമായതോ അല്ലെങ്കിൽ പ്രസക്തമായതോ ആയ ഏതെങ്കിലും കാര്യമോ വിഷയമോ സംബന്ധിച്ച് വിവരം നൽകുന്നതിന് ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുവാൻ കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെ ആവശ്യപ്പെടുന്ന വ്യക്തി 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 176-ഉം 177-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്നതും അങ്ങനെയുള്ള വിവരം നൽകാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടേണ്ടതുമാണ്.

(3) കമ്മീഷനോ അല്ലെങ്കിൽ ഗസറ്റഡ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത, ഇതിനുവേണ്ടി കമ്മീഷൻ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, അന്വേഷണത്തിലിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്താമെന്ന് വിശ്വസിക്കാവുന്ന കാരണമുണ്ടെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന സമയത്ത് ഏതൊരു കെട്ടിടത്തിലോ സ്ഥലത്തോ പ്രവേശിക്കാവുന്നതും അത്തരം ഏതൊരു രേഖയും പിടിച്ചെടുക്കാവുന്നതും അല്ലെങ്കിൽ അവയുടെ പ്രസക്ത ഭാഗങ്ങളോ പകർപ്പുകളോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 100-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അവ ബാധകമാകുന്നിടത്തോളം, എടുക്കാവുന്നതുമാണ്.

(4) കമ്മീഷനെ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 175, 178, 180, 228 എന്നീ വകുപ്പുകളിൽ വിവരിച്ചിട്ടുള്ള കുറ്റം കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ ചെയ്തിട്ടുള്ളപക്ഷം, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥ ചെയ്തപ്രകാരം കുറ്റാരോപിതന്റെ പ്രസ്താവനയും കുറ്റത്തിന് ആസ്പദമായ വസ്തുതകളും രേഖപ്പെടുത്തിയശേഷം കമ്മീഷൻ, അത് വിചാരണ ചെയ്യാൻ അധികാരിതയുള്ള മജിസ്ട്രേറ്റിന് കൈമാറേണ്ടതും മജിസ്ട്രേറ്റ്, അത് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 346-ാം വകുപ്പിൻകീഴിൽ അദ്ദേഹത്തിന് കൈമാറപ്പെട്ടത് എന്നതുപോലെ കുറ്റാരോപിതന് എതിരെയുള്ള പരാതി കേൾക്കാനുള്ള നടപടി തുടരേണ്ടതുമാണ്.

(5) 9-ാം വകുപ്പുപ്രകാരം കമ്മീഷന്റെ മുമ്പാകെയുള്ള എല്ലാ നടപടികളും, 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 196-ാം വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി 193, 228 എന്നീ വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽ വരുന്ന നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) XXVI-ാം അദ്ധ്യായത്തിന്റെയും 195-ാം വകുപ്പിന്റേയും എല്ലാ ആവശ്യങ്ങൾക്കുംവേണ്ടിയും കമ്മീഷനെ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാണ്.

(6) കമ്മീഷന്, അന്വേഷണത്തെ സംബന്ധിക്കുന്ന തെളിവെടുപ്പിനു വേണ്ടിയുള്ള ആവശ്യത്തിലേക്കായി സംസ്ഥാന സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

(7) (6)-ാം ഉപവകുപ്പുപ്രകാരം ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനമാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത് ആ ഉദ്യോഗസ്ഥനോ ഏജൻസിയോ അതു സംബന്ധിച്ച് അന്വേഷണം നടത്തി തെളിവെടുപ്പ് നടത്തേണ്ടതും, അതിന്മേലുള്ള റിപ്പോർട്ട് കമ്മീഷൻ ഇതിനായി നിശ്ചയിക്കുന്ന കാലയളവിനുള്ളിൽ, കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്.

(8) (7)-ാം ഉപവകുപ്പുപ്രകാരം സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ എത്തിച്ചേർന്നിട്ടുള്ള ഏതെങ്കിലും നിഗമനത്തിന്റെയോ റിപ്പോർട്ടിലെ വസ്തുതകളുടെയോ കൃത്യത സംബന്ധിച്ച് കമ്മീഷൻ സ്വയം ബോദ്ധ്യപ്പെടേണ്ടതും ഈ ഉദ്ദേശ്യത്തിലേക്ക് തെളിവെടുപ്പ് നടത്തിയതോ അതിനു സഹായിച്ചതോ ആയ വ്യക്തിയുടെ വിസ്താരം ഉൾപ്പെടെയുള്ള അതിന് യുക്തമെന്നു തോന്നുന്ന അന്വേഷണം നടത്താവുന്നതുമാണ്.

13. വ്യക്തികൾ കമ്മീഷന് നൽകുന്ന പ്രസ്താവനകൾ.—ഒരു വ്യക്തി തെളിവെടുപ്പ് സമയത്ത് കമ്മീഷൻ മുമ്പാകെ ആ വ്യക്തിയെ സംബന്ധിച്ച് നൽകുന്ന പ്രസ്താവന, അത്തരം പ്രസ്താവന വഴി തെറ്റായ തെളിവു നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ, ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ പ്രസ്തുത വ്യക്തിക്കെതിരെ ഉപയോഗിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ആ പ്രസ്താവന,—

(എ) കമ്മീഷൻ ആ ആളിനോട് മറുപടി പറയാൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിനുള്ള മറുപടിയായി നൽകിയത്; അല്ലെങ്കിൽ

(ബി) തെളിവെടുക്കുന്ന വിഷയത്തിൽ പ്രസക്തിയുള്ളത്,

ആയിരിക്കണം.

14. ഹാനികരമായവിധം ബാധിക്കാനിടയുള്ള വ്യക്തികളെ കേൾക്കണമെന്ന്.—തെളിവെടുപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ കമ്മീഷന്,

(എ) ഏതെങ്കിലും വ്യക്തിയുടെ സ്വഭാവത്തെപ്പറ്റി അന്വേഷിക്കേണ്ടത് ആവശ്യമാണെന്ന അഭിപ്രായമുണ്ടെങ്കിൽ; അഥവാ

(ബി) തെളിവെടുപ്പുകൊണ്ട് ഏതെങ്കിലും വ്യക്തിയുടെ കീർത്തിയെ ഹാനികരമായി ബാധിക്കാൻ ഇടയുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ;

അന്വേഷണത്തിൽ ആ വ്യക്തിയെ കേൾക്കുന്നതിനും അയാളുടെ പ്രതിരോധത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനും അയാൾ അപേക്ഷയിൻമേൽ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ നടപടികൾ 'ഇൻ ക്യാമറ' ആയി നടത്തുന്നതിനും ന്യായമായ ഒരവസരം നൽകേണ്ടതാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും

15. സർക്കാരിൽ നിന്നുള്ള ഗ്രാന്റ്.—(1) സർക്കാർ, സംസ്ഥാന നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി, ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാൻറായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റിൽ നിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്ന് നൽകേണ്ടതായ ചെലവായി കരുതേണ്ടതുമാണ്.

16. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ, ഇതിലേക്കായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ചുമതലപ്പെടുത്തിയ ആഡിറ്റർ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ആഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി കമ്മീഷന്റെ എല്ലാ കണക്കുകളും മറ്റ് റിക്കാർഡുകളും ആഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.

17. ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുൻപാകെ വയ്ക്കണമെന്ന്.—ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ, കഴിയുന്നത്ര വേഗം, സർക്കാർ അവ നിയമസഭ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

18. വാർഷിക റിപ്പോർട്ട്.—കമ്മീഷൻ, മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരം നൽകുന്ന വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തേക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് സർക്കാരിലേക്ക് നേരിട്ട് അയയ്ക്കേണ്ടതുമാണ്.

## അദ്ധ്യായം V

## പലവക

19. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

20. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടിയോ, മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങൾ, പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണും അംഗങ്ങൾക്കും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഉദ്യോഗസ്ഥന്മാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും;

(ബി) 10-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ, ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ട രീതിയും ഫാറവും;

(സി) 12-ാം വകുപ്പ് (എഫ്) ഖണ്ഡത്തിൻകീഴിലുള്ള മറ്റേതെങ്കിലും കാര്യം;

(ഡി) 16-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം തയ്യാറാക്കേണ്ടതായ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(ഇ) 18-ാം വകുപ്പുപ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതായ ഫാറവും സമയവും;

(എഫ്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ

എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

21. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

22. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013-ലെ 44) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 25698/Leg. B1/2012/Law. *Dated, Thiruvananthapuram, 13th February, 2014*

*24th Magha, 1935/*
*1st Kumbham, 1189.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala State Commission for Minorities Act, 2014 (Act 5 of 2014).

By order of the Governor,

C. Remani,
*Special Secretary (Law).*

[Translation in English of "2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്" published under the authority of the Governor.]

## ACT 5 OF 2014

## THE KERALA STATE COMMISSION FOR MINORITIES ACT, 2014

*An Act to constitute a State Commission for the comprehensive educational advancement, welfare, protection and empowerment of Minorities and to provide for matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to constitute a Commission for the comprehensive educational advancement, welfare, protection and empowerment of Minorities in the State of Kerala and to provide for matters connected therewith or incidental thereto;

BE it enacted in the Sixty-fifth Year of the Republic of India as follows:—

### CHAPTER I

### PRELIMINARY

1. *Short title and commencement.*—(1) This Act may be called the Kerala State Commission for Minorities Act, 2014.

(2) It shall be deemed to have come into force on the 15th day of May, 2013.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "Commission" means the Kerala State Commission for Minorities constituted under section 3;

(b) "Government" means the Government of Kerala;

(c) "Member" means a member of the Commission and includes the Chairperson;

(d) "Minority" means a community notified by the Central Government under the National Commission for Minorities Act, 1992 (Central Act 19 of 1992);

(e) "prescribed" means prescribed by rules made under this Act.

## Chapter II

3. *Constitution of the Kerala State Commission for Minorities.*—(1) The Government shall, as soon as may be, after the commencement of this Act, by notification in the Gazette, constitute a body to be known as the "Kerala State Commission for Minorities" to exercise the powers and to perform the functions conferred on it under this Act.

(2) The Commission shall consist of the following members, namely:—

(a) a Chairperson belonging to a minority community in the State, having special knowledge in matters relating to the minority and knowledge in law, nominated by the Government;

(b) a member belonging to another minority community in the State and having special knowledge in matters relating to minority, nominated by the Government;

(c) a woman belonging to minority community in the State having special knowledge in matters relating to minority and who has proved working excellence in such matters, nominated by the Government.

(3) An officer not below the rank of an Additional Secretary to Government, who shall be the Member Secretary and the Chief Executive Officer of the Commission and who shall exercise such kind of powers and discharge the functions as the Commission may, by its order, authorise.

4. *Term of office and conditions of service of Chairperson and Members.*—(1) Each member may continue in office till the completion of three years from the date on which he assumes office.

(2) The Chairperson or member of the Commission may, at any time, by giving intimation to the Government in writing under his hand, resign his office.

(3) The Government shall remove a person from the office of the Chairperson or of a member, if that person,—

(a) becomes an undischarged insolvent; or

(b) has been convicted and sentenced to imprisonment for an offence which, in the opinion of the Government, involves moral turpitude; or

(c) becomes of unsound mind and stands so declared by a competent court; or

(d) refuses to work or becomes incapable to work; or

(e) without obtaining prior permission from the Commission, does not attend three consecutive meetings of the Commission; or

(f) in the opinion of the Government, has so abused the official position of Chairperson or Member as to render that person's continuance in office detrimental to the interest of minorities or public interest:

Provided that no person shall be removed under this sub-section unless that person has been given an opportunity of being heard in the matter.

(4) The vacancies occurred under sub-section (2) or otherwise shall be filled by fresh nomination and a person so nominated shall continue in office for the remaining period of the tenure of the person in whose place he is nominated.

(5) The salary and allowances payable to, and the other terms and conditions of service of, the Chairperson and Members shall be such as may be prescribed.

5. *Officers and other employees of the Commission.*—(1) The Government shall provide such officers and other employees as may be required for the efficient performance of the Commission.

(2) The salary and allowances payable to, and the terms and conditions of service of the officers and other employees appointed for the purpose of the Commission shall be such as may be prescribed.

6. *Salary, allowances and administrative expenses to be paid out of grants.*—The salary and allowances payable to the Chairperson and Members, and the administrative expenses, including salary, allowances and pension payable to the officers and other employees referred to in sub-section (1) of section 5, shall be paid out of the grant referred to in sub-section (1) of section 15.

7. *Vacancies etc., not to invalidate proceedings of the Commission.*—No act or proceeding of the Commission shall be invalid on the ground of any defect in the constitution of the Commission or the existence of vacancy in the Commission in any manner.

8. *Procedure to be regulated by the Commission.*—(1) The Commission shall meet whenever necessary at such time and place as the Chairperson thinks fit:

Provided that such meeting shall be held at least once in three months.

(2) The Commission shall have the power to regulate its own procedure.

(3) All orders and decisions of the Commission shall be authenticated by the Member Secretary.

(4) The quorum for the meeting of the Commission shall be two.

CHAPTER III

POWERS AND FUNCTIONS OF THE COMMISSION

9. *Functions of the Commission.*—The Commission shall perform the following functions, namely:—

(a) to evaluate the progress of the development of minorities in the State;

(b) to enquire and monitor the manner of functioning of various safeguards provided, in the Constitution of India or under any other law or under any order of the Government, for the welfare, protection and empowerment of the minorities in Kerala;

(c) to enquire into specific complaints about deprivation of social, economic, educational and linguistic rights, safeguards and benefits of the minorities, to bring such matters into the notice of authorities concerned, to suggest remedial measures and to monitor the follow-up actions thereon;

(d) to participate in and give creative suggestions on, the planning programmes for the educational, social and economic development of the minorities;

(e) to make recommendations as to the steps to be taken by the Government for the effective implementation of the measures and safeguards for the educational, social and economic development, welfare and protection of the minorities and to make report to the Government either annually or at such other time, as the Commission may deem fit and to monitor their timely implementation;

(f) to cause studies to be undertaken into various problems arising out of discrimination towards minorities and recommend measures for their removal;

(g) to conduct studies, research and analysis and to organize seminars, symposium and awareness classes on the issues relating to social, economic and educational advancement of minorities;

(h) to suggest appropriate measures to be adopted by the Government in respect of minority;

(i) to submit report to the Government periodically or specially, on any matter pertaining to minorities, particularly in respect of difficulties being faced by them and their remedial measures;

(j) to discharge such other functions in relation to the protection, welfare, development and advancement of the minorities, as may be prescribed;

(k) to take necessary steps to ensure the representation of minorities proportionate to their population in various employment projects and social development projects;

(l) to ensure the efficient functioning of the law and order system in communal conflict prone areas and to bring lapses to the notice of the Government;

(m) any other matter pertaining to minorities, entrusted by the Government.

10. *Supervision of issuing Minority Community Certificate.*—If any case of difficulty in the matter of issuing of Minority Community Certificate, in the manner and form specified by the Government, to persons belonging to Minority Communities residing in the State, comes to the notice of the Commission, the Commission may report the same to the Government and suggest remedial measures.

11. *Laying of Report.*—The State Government shall cause the reports referred to in clause (e) of section 9, to be laid before the Legislative Assembly explaining the action taken or proposed to be taken thereon and also the reasons, if any, for non-acceptance of the recommendations.

12. *Powers of the Commission.*—(1) The Commission, while performing its functions under section 9, shall have all the powers of a civil court trying a suit and in particular, in respect of the following matters, namely:—

(a) summoning and enforcing the attendance of any person from any part of the State and examining him on oath;

(b) requiring the discovery and production of any document;

(c) receiving evidence on affidavits;

(d) demanding any public record or copy there of from any court, office or other institutions;

(e) the examination of witnesses and inspection of records; and

(f) any other matter as may be prescribed.

(2) Subject to the claim that may be raised by any person that he has special powers under any existing law, the Commission shall have the power to require any person to furnish information relating to any matter or subject which in the opinion of the Commission are the basis of, or relevant to, the subject of inquiry and the person so required shall be included within the meaning of sections 176 and 177 of the Indian Penal Code, 1860 (Central Act 45 of 1860) and be deemed to be liable as per law to furnish such information.

(3) If the Commission or any officer not below the rank of Gazetted Officer, who is specially authorised by the Commission in this behalf, has sufficient reason to believe that records connected with the subject under enquiry are likely to be traced, may enter into any building or place at the time as may be prescribed and subject to the provisions of section 100 of the Code of Criminal Procedure, 1973 (Central Act 2 of 1974), to the extent they are applicable, seize any such record or take its extracts or copies.

(4) The Commission shall be deemed to be a civil court and where an offence as defined in sections 175, 178, 180 and 228 of the Indian Penal Code, 1860 (Central Act 45 of 1860) is committed in the presence of the Commission, the Commission shall, after recording the statement of the accused and the facts pertaining to the offence as provided in the Code of Criminal Procedure, 1973 (Central Act 2 of 1974), the same shall be transferred to the Magistrate having jurisdiction to try it and the Magistrate shall proceed to hear the complaint against the accused as if it has been transferred to him under section 346 of the Code of Criminal Procedure, 1973 (Central Act 2 of 1974).

(5) All the proceedings before the Commission under section 9 shall, for the purposes of section 196 of the Indian Penal Code, 1860 (Central Act 45 of 1860), be deemed to be the judicial proceedings within the meaning of sections 193 and 228 and for all the purposes of Chapter XXVI and section 195 of the Code of Criminal Procedure, 1973 (Central Act 2 of 1974), the Commission shall be deemed to be a civil court.

(6) The Commission may, for the purpose of taking evidence in connection with enquiries, utilise the services of any officer of the State Government or investigation agency.

(7) The officer or investigation agency whose services have been utilised under sub-section (6), shall take evidence after making enquiry relating to it and the report thereon shall be submitted to the Commission within the period fixed by the Commission in this behalf.

(8) The Commission shall satisfy itself regarding the correctness of any inferences arrived at in the report or facts in the report submitted under sub-section (7) and for this purpose it may conduct enquiry as it deems fit, including the examination of the person who had taken the evidence or assisted for the same.

13. *Statements given by individuals to the Commission.*—The statement given by an individual about himself at the time of giving evidence before the Commission, shall not be used against the said individual in the proceedings before any civil court or criminal court, except in prosecution proceedings for giving false evidence by such statement:

Provided that such statement shall be,—

(a) given as a reply to a question which is required by the Commission to be answered by that person; or

(b) relevant to the subject matter in which the evidence is taken.

14. *Individuals likely to be affected prejudicially to be heard.*—At any stage of taking evidence, if the Commission,—

(a) is of the opinion that it is necessary to enquire into the conduct of any individual; or

(b) is of the opinion that taking of evidence will prejudicially affect the reputation of any individual;

such person shall be given a reasonable opportunity of being heard, to produce evidence to defend and to conduct *in camera* proceedings if he so requests by an application, in the enquiry.

## CHAPTER IV

## FINANCE, ACCOUNTS AND AUDIT

15. *Grants by the Government.*—(1) The Government shall, after due appropriation made by the State Legislature by law in this behalf, pay to the Commission, by way of grants, such sums of money, which is considered to be necessary for being utilised for the purposes of this Act.

(2) The Commission may spend such sums, out of grants, as it thinks fit, for performing the functions under this Act and such sums shall be treated as expenditure payable out of the grants referred to in sub-section (1).

16. *Accounts and Audit.*—(1) The Commission shall maintain proper accounts and other relevant records and prepare an annual statement of accounts in such form as may be prescribed.

(2) The accounts of the Commission shall be audited annually by the auditor entrusted by the Comptoller and Auditor General in this behalf.

(3) All the accounts and other records of the Commission shall be made available to the auditor for the purpose of the audit.

17. *Audit report to be laid before the Legislature.*—The Government shall cause the audit reports to be laid, as soon as may be after they are received, before the Legislative Assembly.

18. *Annual Report.*—The Commission shall, for each financial year, prepare annual report giving complete information of its activities in the previous financial year in the prescribed form and time and shall also forward a copy of it to the Government directly.

## CHAPTER V

## MISCELLANEOUS

19. *Chairperson, Members and employees of the Commission to be public servants.*—The Chairperson, Members and employees of the Commission shall be deemed to be public servants within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).

20. *Power to make rules.*—(1) The Government may, by notification in the Gazette, make rules for carrying out the purposes of this Act, either prospectively or retrospectively.

(2) In particular, and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

(a) salaries and allowances payable to, and the other terms and conditions of service of, the Chairperson and Members under sub-section (5) of section 4 and of officers and other employees under sub-section (2) of section 5;

(b) the manner and form of issuing Minority Community Certificate by the State Government under section 10;

(c) any other matter under clause (f) of section 12;

(d) the form of annual statement of accounts to be prepared under sub-section (1) of section 16;

(e) the form in, and time at, which the annual report shall be prepared under section 18;

(f) any other matter which is to be, or may be, prescribed.

(3) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

21. *Power to remove difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make provisions not inconsistent with the provisions of this Act which appear to it to be necessary or expedient, for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Act.

(2) Every order made under this section shall, as soon as may be after it is made, be laid before the Legislative Assembly.

22. *Repeal and saving.*—(1) The Kerala State Commission for Minorities Ordinance, 2013 (44 of 2013) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.